കേരളസർവകലാശാല

നം.പി.ആർ.50/2021

# പത്രക്കുറിപ്പ്

## പരീക്ഷകൾ മാറ്റിവച്ചു

കേരളസർവകലാശാല മാർച്ച് രണ്ടാം തീയതി നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റി വച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## കേരള സർവകലാശാല ബിരുദാനന്തര ബിരുദ പ്രവേശനം 2020 –21 കമ്മ്യൂണിറ്റി ക്വാട്ട/ സ്പോർട്സ് ക്വാട്ട സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ ഒഴിവുള്ള കമ്മ്യൂണിറ്റി ക്വാട്ട/ സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ആവശ്യമായ എല്ലാ രേഖകളുമായി മാർച്ച് – 4 ന് രാവിലെ 10 മണിക്ക് മുൻപായി അതത് കോളേജുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. കഴിഞ്ഞ കമ്മ്യൂണിറ്റി ക്വാട്ട / സ്പോർട്സ് ക്വാട്ട കൗൺസിലിംഗ് സമയത്തു റിപ്പോർട്ട് ചെയ്തു സീറ്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് മുൻഗണന നൽകുന്നതായിരിക്കും.കമ്മ്യൂണിറ്റി സ്പോർട്സ് ക്വാട്ടകളിലെ ഒഴിവുള്ള സീറ്റുകളുടെ വിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ് ((http://admissions.keralauniversity.ac.in).

## പരീക്ഷഫലം

2020 ജനുവരി മാസം നടന്ന ഒന്ന്, മൂന്ന് സെമസ്റ്റർ ബി.ഡെസ്സ് (B.Des) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കുവാനുള്ള അവസാന തീയതി മാർച്ച് 31. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 ഒക്ടോബർ മാസം നടന്ന നാലാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി പരീക്ഷകളുടെ (റഗുലർ, സപ്ലിമെന്ററി, മേഴ്സി ചാൻസ്–2012 അഡ്മിഷൻ) ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കുവാനുള്ള അവസാന തീയതി മാർച്ച് 15. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## ടൈംടേബിൾ

കേരളസർവകലാശാല മാർച്ച് 19 മുതൽ ആരംഭിക്കുന്ന മൂന്നും നാലും സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ (വിദൂര വിദ്യാഭ്യാസ വിഭാഗം–2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷ ഫീസ്

കേരളസർവകലാശാല മാർച്ച് 24 ന് ആരംഭിക്കുന്ന നാലാം വർഷ ബി.എഫ്.എ പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 4 വരേയും 150 രൂപ പിഴയോട് കൂടി മാർച്ച് 08 വരേയും 400 രൂപ പിഴയോട് കൂടി മാർച്ച് 10 വരേയും അപേക്ഷിക്കാവുന്നതാണ് .

കേരളസർവകലാശാല മാർച്ചിൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.എ.ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാൻഗേജ് ആന്റ് ലിറ്ററേച്ചർ (2018 അഡ്മിഷൻ–റെഗുലർ/2016–2017 അഡ്മിഷൻ–സപ്ലിമെന്ററി) ഡിഗ്രി പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴയില്ലാതെ മാർച്ച് 5 വരെയും 150 രൂപ പിഴയോട് കൂടി മാർച്ച് 9 വരേയും 400 രൂപ പിഴയോട്കൂടി മാർച്ച് 12 വരേയും അപേക്ഷിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## വൺടൈം സെഷണൽ ഇംപ്രൂവ്മെന്റ്

കേരളസർവകലാശാലയിലെ ബി.ടെക് വൺടൈം സെഷണൽ ഇംപ്രൂവ്മെന്റ് 2013 സ്കീമിൽ ഇതു വരെ അപേക്ഷിക്കാൻ കഴിയാതിരുന്ന 2013,2014 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് 1050 രൂപ പിഴ യോട്കൂടി മാർച്ച് 15 വരെ അപേക്ഷിക്കാവുന്നതാണ്.

## തീയതി നീട്ടി

കേരളസർവകലാശാല മാർച്ച് 30 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ് (കരിയർ റിലേറ്റഡ്) ബി.എ/ബി.എസ്.സി/ബി.കോം ഡിഗ്രി (റഗുലർ 2018 അഡ്മിഷൻ, സപ്ലിമെന്ററി 2015,2016,2017 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 5 വരേയും 150 രൂപ പിഴയോട് കൂടി മാർച്ച് 09 വരേയും 400 രൂപ പിഴയോട് കൂടി മാർച്ച് 12 വരേയും ഓൺലൈനായി അപേക്ഷിക്കുന്നതിനായി ദീർഘിപ്പിച്ചിരിക്കുന്നു.



പബ്ലിക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം.**
01.03.2021

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**E-mail:ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**